(സി) പണി നടന്നുവന്ന റോഡിന്റെ സൈഡുകെട്ട് ഇടിഞ്ഞുവീണതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കരാറുകാരന് ഇതുവരെ എത്ര തുക നൽകി എന്ന് വ്യക്തമാക്കാമോ ;

(ഇ) ഏതെങ്കിലും ഘട്ടത്തിൽ കരാറുകാരന് തുക കൂട്ടി നൽകിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) മുഴുവൻ പണികളും എത്ര നാളിനുള്ളിൽ തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെമ്പകപ്പാറ–മേലേ ചിന്നാര റോഡിന്റെ ഒന്നും മൂന്നും റീച്ചുകളുടെ പണി പൂർത്തിയായിട്ടുണ്ട്. രണ്ടാം റീച്ചിന്റെ കരാറുകാരൻ ശ്രീ. കെ. ജെ. പൗലോസ് ആണ്. ഇതിന്റെ അടങ്കൽ തുക 3,39,74,372 രൂപയാണ്. പണികൾ 60% പൂർത്തിയായി. ബാക്കി പണികൾ 31-5-2004 -നകം പൂർത്തിയാകും. ഈ പണി ടെണ്ടർ ചെയ്തത് 19-11-2000 -നാണ്.

(ബി) പണിയുടെ കാലാവധി 1-6-2003 വരെയായിരുന്നു. 3-12-2003 വരെ നീട്ടിക്കിട്ടുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇതുവരെ കരാറുകാരന് പണി ചെയ്ത വകയിൽ തുക നൽകിയിട്ടില്ല.

(ഇ) പഴയ എസ്റ്റിമേറ്റിന്റെ 23.27% കൂടുതലായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) 31-5-2004 -നകം പണി പൂർത്തിയാക്കുന്നതാണ്.

കുറ്റിച്ചിറ റോഡിലെ വെള്ളക്കെട്ടുമാറ്റാനുള്ള നടപടി

64 (4344) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം ജില്ലയിൽ കൊറ്റങ്കര പഞ്ചായത്ത് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന കുറ്റിച്ചിറ ജംഗ്ഷനിലെ പി. ഡബ്ല്യൂ. ഡി. റോഡിലെ വെള്ളക്കെട്ടു മാറ്റാൻ, റോഡുയർത്തി, ഓടയുടെ പൊട്ടിപ്പൊളിഞ്ഞ കവറിംഗ് സ്ലാബുകൾ മാറ്റി സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly